# Desabhimani
# 26 July 2018
# Alappuzha, Kuttanad, Biotoilet

## വെള്ളപ്പൊക്ക മേഖലകളിൽ ബയോടോയ്‌ലെറ്റ് സ്ഥാപിച്ചുതുടങ്ങി

**ആലപ്പുഴ**

കുട്ടനാട്ടിലെ വെള്ളപ്പൊക്ക മേഖലകളിൽ ബയോടോയ്‌ലറ്റുകൾ സ്ഥാപിച്ചു തുടങ്ങി. കൈനകരിയിൽ 28 ഉം, പുളിങ്കുന്നിൽ 12 ഉം ടോയ്‌ലറ്റുകളാണ് ബുധനാഴ്ച സ്ഥാപിച്ചത്. 100 കേന്ദ്രങ്ങളിലാണ് ബയോടോയ്‌ലറ്റുകൾ സ്ഥാപിക്കുക. ജില്ലാ ശുചിത്വമിഷൻ മുഖേനയാണ് ബയോടോയ്‌ലറ്റുകൾ വയ്ക്കുന്നത്. കൊച്ചി കേന്ദ്രമായ ബി റിലീഫ് എന്ന ഏജൻസിയെ ഇതിനായി ചുമതലപ്പെടുത്തി. ദിവസേന തന്നെ മാലിന്യം നീക്കം ചെയ്യുന്നതും ഈ കമ്പനിയുടെ നിയന്ത്രണത്തിലാണ്. ഒരുതരത്തിലുമുള്ള പരിസര മലിനീകരണത്തിന് ഇടയാക്കാത്ത വിധത്തിൽ മാലിന്യസംസ്കരണത്തിനുള്ള സംവിധാനങ്ങളും ഒരുക്കുന്നുണ്ട്.

കൈനകരിയിൽ മുണ്ടക്കൽ പാലം നാലാം വാർഡിൽ എട്ടെണ്ണം സ്ഥാപിക്കും. കുട്ടമംഗലം 14-ാം വാർഡിൽ നാലെണ്ണവും ചാലച്ചിറജെട്ടിയിൽ ആറും ബയോടോയ്‌ലറ്റുകൾ പൂർത്തിയാവുന്നു.